## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1613.** — **01.11.2019- ൽ മറുപടിയ്ക്ക്**

### വെളിയന്നൂർ കൃഷിഭവൻ പുനരുദ്ധാരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. വി. എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) | വെളിയന്നൂർ കൃഷിഭവൻ പുനരുദ്ധാരണം സംബന്ധിച്ച് ഫയൽ നമ്പർ 3733566 പ്രകാരം നൽകിയ നിവേദനത്തിൽ അഗ്രികൾച്ചർ ഡയറക്ടർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് അഗ്രികൾച്ചർ ഡയറക്ടറേറ്റിലെ ഫയൽ നമ്പർ വ്യക്തമാക്കാമോ; | (എ) | വെളിയന്നൂർ കൃഷി ഭവൻ പുനരുദ്ധാരണം സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേലുള്ള നടപടികൾ കൃഷി ഡയറക്ടറേറ്റിൽ നടന്നുവരുന്നു. കൃഷിഭവൻ പുനരുദ്ധാരണം, നവീകരണം തുടങ്ങിയവയ്ക്ക് കൃഷി ഡയറക്ടറേറ്റിൽ ഫണ്ട് നീക്കി വെച്ചിട്ടില്ലാത്തതിനാലും കൃഷി ഭവനുകൾ പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ആയതിനാലും കൃഷിഭവൻ നിർമ്മാണവും പുനരുദ്ധാരണവും പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ ഉൾക്കൊള്ളിച്ചാണ് നടത്താറുള്ളത്. ആയതിനുള്ള അനുമതി മാത്രമാണ് കൃഷി ഡയറക്ടറേറ്റിൽ നിന്നും നൽകാറുള്ളത്.<br>ഇതുസംബന്ധിച്ച് കൃഷി ഡയറക്ടറേറ്റിൽ തുടങ്ങിയ ഫയൽ നമ്പർ റ്റി. വി. (2) 31922/19 ആണ്. |
| (ബി) | ഇതു സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ